**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2763 **14.12.2015** ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമംപദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഇതുവരെ എത്ര കോളനികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; | (എ) | 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും ഉൾപ്പെടെ ആകെ 215 കോളനികൾ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ കൂടുതൽ പട്ടികജാതികോളനികളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ബി) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2013-14-ൽ പാമ്പാട്ടുംപാറ - ആദിയാർപുരം കോളനി, ശാന്തൻപാറ - സെന്റർ തൊട്ടിക്കാനം എന്നീ രണ്ടു കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്.<br>പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതിക്കനുസരിച്ച് മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ